# *കടപ്പുറം ഗ്രാമ പഞ്ചായത്ത്*

## ആമുഖം

1968 ഇൽ ആണ് തൃശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്കിൽ ഉൾപ്പെടുന്ന കടപ്പുറം പഞ്ചായത്ത് രൂപീകൃതമായത് . പടിഞ്ഞാറു അറബിക്കടലും തെക്കു ഭാഗത്തു അഴിമുഖവും കിഴക്ക് ചേറ്റുവ പുഴയും കനോലികനാലുംവടക്ക് ചാവക്കാട് മുനിസിപ്പാലിറ്റിയും  അതിർത്തി പങ്കിടുന്ന ഒരു മനോഹരമായ ഉപദ്വീപാണ് കടപ്പുറം പഞ്ചായത്ത് . 2003 ഇൽ പഞ്ചായത്തിന് കീഴിൽ കുടുംബശ്രീ സിഡിഎസ് അതിന്റെ പ്രവർത്തനം ആരംഭിച്ചു .16 വാർഡുകളിലായി 95 അയൽക്കൂട്ടങ്ങളാണ് ആരംഭ ഘട്ടത്തിൽ സിഡിഎസ് നു കീഴിൽ ഉണ്ടായിരുന്നത് . ശ്രീമതി ഐഷാബി ആയിരുന്നു സിഡിഎസ് ലെ ആദ്യത്തെ ചെയർപേഴ്സൺ. ഇപ്പോൾ സിഡ്സ് നു കീഴിൽ 154 അയൽക്കൂട്ടങ്ങൾ ഉണ്ട് . 154 അയൽക്കൂട്ടങ്ങളിലായി 2150 കുടുംബങ്ങൾ ഉണ്ട്. ഒരു കാന്റീൻ, 2 കാറ്ററിംഗ് യൂണിറ്റുകൾ, 4 ടെയ്ലറിങ് ഗ്രൂപ്പ് , ഒരു ഐ ടി സെന്റർ, 10 ജെ എൽ ജി ഗ്രൂപ്പുകൾ എന്നിവ സിഡിഎസ് ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട് .ddugky പഠന പദ്ധതിയിൽ ജില്ലയിൽ കൂടുതൽ കുട്ടികൾ പഠിക്കുന്നത് കടപ്പുറം സിഡിഎസ് ഇൽ നിന്നാണ് . ജില്ലാ മിഷൻ നിർദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളും നല്ല രീതിയിൽ നടപ്പിലാക്കുന്ന ഒരു സിഡിഎസ് ആണ് കടപ്പുറം .

## ത്രിതല സംഘടനാ ചലിപ്പിച്ചത്

കുടുംബശ്രീ സംവിധാനത്തിൽ നെടുംതൂൺ എന്ന് പറയുന്നത് താഴെ തട്ടിലുള്ള അയൽക്കൂട്ടങ്ങളുടെ സഹകരണത്തോടെയുള്ള പ്രവർത്തനം തന്നെയാണ് . ഈ മഹാമാരി ഉണ്ടായ സമയത്തു സംസ്ഥാന മിഷനും ജില്ലാ മിഷനും നിർദ്ദേശിക്കുന്ന കാര്യങ്ങൾ വളരെ നല്ല രീതിയിൽ എല്ലാ കുടുംബങ്ങളിലേക്കും എത്തിക്കുന്നതിൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം നിർണായക പങ്ക് വഹിച്ചിട്ടുണ്ട് .

## വാട്ട്സാപ്പ് ഗ്രൂപ്പുകളുടെ പ്രവർത്തനം.

സിഡ്സ് ലെ 16 ADS കളിലുമായി എല്ലാ അയൽക്കൂട്ടങ്ങളിലും വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു.  സംസ്ഥാന സർക്കാരിന്റെയും ജില്ലാ മിഷന്റെയും

സന്ദേശങ്ങൾ യഥാസമയം താഴെത്തട്ടിലേക്കെത്തിക്കാൻ ഈ ഗ്രൂപ്പുകൾ കൊണ്ട് പ്രയോജനപ്പെട്ടു .

## കമ്മ്യൂണിറ്റി കിച്ചൻ





പഞ്ചായത്തിന്റെ സഹകരണത്തോടു കൂടി മാർച്ച് 27 മുതൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം തുടങ്ങി. അഥിതി തൊഴിലാളികൾ , അഗതിരഹിത കേരളം പദ്ധതിയിലെ ഒറ്റക്ക് താമസിക്കുന്ന പ്രായമായ ഗുണഭോക്താക്കൾ , മാരക രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർ എന്നിവർക്ക് കിച്ചൻ വഴി ഭക്ഷണം വിതരണം ചെയ്തു. സിഡിസ് ലെ 7 അയൽക്കൂട്ട അംഗങ്ങൾ ആണ് കമ്മ്യൂണിറ്റി കിച്ചണിൽ ഭക്ഷണം തയ്യാറാക്കി നൽകിയിരുന്നത്. ജെ എൽ ജി ഗ്രൂപ്പുകൾ, അയൽക്കൂട്ടങ്ങൾ, പ്രദേശത്തെ സന്നദ്ധ സംഘടനകൾ, ക്ലബ്ബ്കൾ തുടങ്ങിയവർ കിച്ചണിലേക് ആവശ്യമായ പച്ചക്കറികളും മറ്റു സാധനങ്ങളും നൽകി.

ഉച്ചഭക്ഷണവും അത്താഴവുമാണ് കിച്ചണിൽ നിന്നും നൽകിയിരുന്നത് . ഒരു ദിവസം രണ്ടു സമയത്തേക്കുമായി 600 ഭക്ഷണം നൽകി വന്നിരുന്നു .കിച്ചണിൽ പ്രവർത്തിച്ച അയൽക്കൂട്ട അംഗങ്ങൾക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വേതനം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുകയും ചെയ്തു .

## ക്രിയാത്മക പ്രവർത്തനങ്ങൾ

ഡിഎസ് പരിധിയിൽ ഉൾപ്പെട്ട ക്ലബ്ബ്കൾ , ആശുപത്രി, പഞ്ചായത്ത് ജീവനക്കാർ എന്നിവർക്ക് ആവശ്യപ്പെട്ടതിനനുസരിച് മാസ്കുകൾ തയ്ച്ചു നൽകി .കൂടാതെ പഞ്ചായത്തിന്റെ സഹായത്തോടു കൂടി എല്ലാ കുടുംബങ്ങൾക്കും സാനിറ്റൈസർ , മാസ്ക് എന്നിവ വിതരണം ചെയ്തു .

ക്വാറന്റൈനിൽ ഉൾപ്പെട്ട കുടുംബങ്ങളെ വിളിച്ചു ക്ഷേമമന്വേഷിക്കാൻ കുടുംബശ്രീ ജില്ലാ മിഷൻ നടത്തിയ elderly കോവിഡ് approch പ്രോഗ്രാമിൽ പഞ്ചായത്തിലെ 7 കുടുംബങ്ങൾ ഉൾപ്പെട്ടിരുന്നു. ഒരു അയൽക്കൂട്ട അംഗത്തെ rp ആയി വെച്ച് ദിവസേന അവരെ വിളിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു . ddugky പഠന പദ്ധതിയിൽ പഠിക്കുന്ന കുട്ടികളെ സിഡിഎസ് ലെ കമ്മ്യൂണിറ്റി വോളന്റീർനെ കൊണ്ട് വിളിപ്പിക്കുകകയും അവരുടെ ക്ഷേമം അന്വേഷിക്കുകയും മാനസിക പിന്തുണ നൽകുകയും ചെയ്യുന്നതിൽ സിഡിഎസ് ശ്രദ്ധ കൊടുത്തു.

## സന്നദ്ധ സേന വോളന്റീർ രെജിസ്ട്രേഷൻ

സിഡിഎസ് ലെ എല്ലാ വാർഡുകളിലെയും അയൽക്കൂട്ട അംഗങ്ങളെയും സന്നദ്ധ സേന പ്രവർത്തനത്തെ കുറിച്ച് ബോധവൽക്കരിക്കുകയും സന്നദ്ധ സേന വോളന്റീർസ് ആയി രജിസ്റ്റർ ചെയ്യുകയും ചെയ്തു.

## അഗതിരഹിത കേരളം

153 കുടുംബങ്ങൾക്ക് അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യകിറ്റ് നൽകി വരുന്നുണ്ട് . ലോക്കഡോൺ കാലയളവിൽ എല്ലാ ഗുണഭോക്താക്കളുടെയും വീടുകളിലേക്ക് അഡ്വാൻസ് ആയി ഭക്ഷ്യകിറ്റ് എത്തിച്ചു കൊടുത്തു . ഗുണഭോക്താക്കൾക്കും 10 വയസിനു താഴെയുള്ള കുട്ടികൾക്കും സൗജന്യമായി മാസ്ക് വിതരണവും നടത്തി . പദ്ധതിയിലെ വയോജനങ്ങളെ 3 ദിവസം കൂടുമ്പോൾ വിളിക്കുകയും അവർക്ക് ആവശ്യമായ മരുന്ന് ആശ വർക്കേഴ്‌സ് വഴി വീടുകളിൽ എത്തിച്ചു കൊടുക്കുകയും ചെയ്തു .

## ബാലസഭാ പ്രവർത്തനം

  

ജില്ലാ മിഷൻ നടത്തിയ ഈ ലോക്കഡോൺ കാലത് എന്ന ബാലസഭാ കുട്ടികൾക്കായി നടത്തിയ പ്രോഗ്രാമിൽ എല്ലാ കുട്ടികളെയും വളരെ നല്ല രീതിയിൽ പങ്കെടുപ്പിക്കാൻ സിഡിഎസ് നു കഴിഞ്ഞു .ബ്ലോക്ക് തലത്തിൽ നടത്തിയ പരിപാടികളിലും വളരെ നല്ല പ്രകടനമാണ് കുട്ടികൾ കാഴ്ച വെച്ചത് . കുട്ടികളിലെ വിവിധ കഴിവുകളെ കണ്ടത്താനും അത് പ്രോത്സാഹിപ്പിക്കാനും ഇത്തരം പരിപാടികൾ പ്രയോജനപ്പെട്ടു .

## വയോജനങ്ങൾക്കായുള്ള പ്രവർത്തനം

സിഡിഎസ് ലെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനു മുൻഗണന നൽകികൊണ്ട് കഥ, കവിത, പഴയ കാലത്തിലേക്ക് ഒരു തിരിച്ചു പോക്ക് ഒരു ഓർമ കുറിപ്പ്  എന്നീ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു .

## മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി

അയൽക്കൂട്ട അംഗങ്ങൾക്ക് കോവിഡ് സമയത്തെ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന CMHLS വായ്പ നല്ല രീതിയിൽ എല്ലാ അംഗങ്ങളിലേക്കും എത്തിക്കുവാനുള്ള നടപടിക്രമങ്ങൾ സിഡീസിൽ ചെയ്തു വരുന്നുണ്ട്.

## കോവിഡിന്റെ കാലത്തു കുടുംബശ്രീ ഭാവി പ്രവർത്തനങ്ങൾ

- ജനകീയ ഹോട്ടൽ വഴി ഗുണ നിലവാരവും ലാഭകരവുമായ ഭക്ഷണം ലഭ്യമാക്കുക
- സന്നദ്ധസേന അംഗങ്ങളുടെ സഹായത്തോടെ സമൂഹത്തിൽ ദുരന്തങ്ങൾ വന്നാൽ പ്രതിരോധിക്കാൻ സാധാരണ ജനങ്ങളെ പ്രാപ്തരാക്കുക
- ദുരന്തങ്ങൾ വന്നാലുള്ള സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് വേണ്ടി എല്ലാ അയൽക്കൂട്ട അംഗങ്ങളെയും സംരംഭങ്ങൾ ചെയ്യുവാനുള്ള പ്രോത്സാഹനവും പിന്തുണയും നൽകുക
- എല്ലാ വീടുകളിലും അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുക

- സുഭിക്ഷ കേരളം പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കുക
- DDUGKY പദ്ധതിയിൽ കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തി അഭ്യസ്ത വിദ്യരായ എല്ലാ യുവതീ യുവാക്കൾക്കും തൊഴിൽ ലഭ്യത ഉറപ്പാക്കുക.

റിപ്പോർട്ട് തയ്യാറാക്കിയത് :
ഹൈറുന്നിസ അലി , ചെയർപേഴ്സൺ കടപ്പുറം സിഡിഎസ് , PH : 8156984319
സൽമ.V . H , ബ്ലോക്ക് കോഡിനേറ്റർ (SD & DDUGKY), ചാവക്കാട് ബ്ലോക്ക്
PH : 9745039801